(ഡി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ (1998-99) 1,69,90,025/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

സർക്കാർ ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്

139 (1627) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിനെക്കുറിച്ച് പഠിച്ച് മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇതേ വിഷയം സംബന്ധിച്ച് മുൻപ് പഠനം നടത്താൻ നിയോഗിച്ചിരുന്ന ടി.എൻ. ജയചന്ദ്രൻ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ഡി) ജയചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) 1.10.99-ലെ ജി.ഒ.(ആർ.ടി.) 2700/99/ആ.കു.വ. ഉത്തരവ് പ്രകാരം സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) സ്വകാര്യ പ്രാക്ടീസ് നിരോധിക്കണമോ വേണ്ടയോ, വേണമെങ്കിൽ ഏതു രീതിയിൽ, ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിക്കുന്നതിനാണ് ടി.എൻ.ജയചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നത്.

(ഡി) റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിലെ നിഗമനങ്ങളും ശുപാർശകളും അനുബന്ധമായി ചേർക്കുന്നു. റീജിയണൽ കാൻസർ സെന്ററിലെ സ്വകാര്യ പ്രാക്ടീസ് പരിക്ഷണാടിസ്ഥാനത്തിൽ നിറുത്തലാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണവും പരിശോധനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly